ലപ്രസി ഹെൽത്ത് വിസിറ്റർ റാങ്ക് ലിസ്റ്റ്

1536. [2301] ശ്രീ. എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ പ്രസിദ്ധീകരിച്ചിരിക്കുന്ന ലപ്രസി ഹെൽത്ത് വിസിറ്റർ റാങ്ക് ലിസ്റ്റിൽനിന്നും എത്രപേരെ ട്രെയിനിംഗിന് വിളിച്ചു ;

(ബി) വയനാട് ജില്ലയിലെ ലപ്രസിയെക്കുറിച്ചുള്ള സെൻസസ് പൂർണ്ണമായോ ; അവിടെ പുതിയ ലപ്രസി സെൻറർ തുറക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിക്കുന്നുണ്ടോ ;

(സി) നിലവിലുള്ള ലെപ്രസി ഹെൽത്ത് വിസിറ്റർ റാങ്ക് ലിസ്റ്റിൽ ഉള്ള എല്ലാവരേയും ട്രെയിനിംഗിന് വിളിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 113 പേരെ

(ബി) ഇല്ല. 1986-87-ൽ വയനാട് രണ്ട് കുഷ്ഠരോഗനിവാരണ യൂണിറ്റുകൾ സ്ഥാപിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ 1987-88-ൽ കൂടുതൽ കുഷ്ഠരോഗ നിവാരണ യൂണിറ്റുകൾ അനുവദിച്ചു കിട്ടാൻ കേന്ദ്രാനുമതി ആവശ്യപ്പെട്ടിരിക്കുകയാണ്.

(സി) എല്ലാവരേയും ട്രെയിനിംഗിന് വിളിക്കാൻ സാദ്ധ്യതയില്ല. നിയമനത്തിന് ആവശ്യമുള്ളവരെ വേക്കൻസി അനുസരിച്ച് പി. എസ്. സി. വഴി തെരഞ്ഞെടുത്ത് ട്രെയിനിംഗ് നൽകുകയാണ്.

ജില്ലാ ആശുപത്രികളിലെ എക്സ്റേ സൗകര്യം

1537. [2302] ശ്രീ. എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എല്ലാ ജില്ലാ ആശുപത്രികളിലും എക്സ്റേ സൗകര്യം ഉണ്ടോ ;

(ബി) മഞ്ചേരി ജില്ലാ ആശുപത്രിയിൽ എക്സ്റേ ഉണ്ടോ ;

(സി) ഉണ്ടെങ്കിൽ ഇത് പ്രവർത്തനക്ഷമമാണോ ;

(ഡി) അല്ലെങ്കിൽ ഇത് മുടങ്ങിയിട്ട് എത്ര കാലമായി ;

(ഇ) ഇത് എന്ന് പ്രവർത്തിച്ചു തുടങ്ങുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇടുക്കി ജില്ലാ ആശുപത്രി ഒഴിച്ച് മറ്റെല്ലാ ജില്ലാ ആശുപത്രികളിലും എക്സ്റേ സൗകര്യം ഉണ്ട്.

(ബി) ഉണ്ട്.

(സി) രണ്ടെണ്ണം ഉള്ളതിൽ ഒന്ന് പ്രവർത്തനക്ഷമമല്ല.

(ഡി) ഇത് 14-5-1985 മുതൽ പ്രവർത്തിക്കാതിരിക്കുകയാണ്.

(ഇ) ഇത് പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ എടുത്തിട്ടുണ്ട്. എന്ന മുതൽ പ്രവർത്തനക്ഷമമാകുമെന്ന് ഇപ്പോൾ വ്യക്തമാക്കുവാൻ നിർവ്വാഹമില്ല

മനോരോഗികൾ

1538. [2303 ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) സംസ്ഥാനത്തുള്ള മനോരോഗാശുപത്രികളിൽ ഇപ്പോൾ ആകെ രോഗികളിൽ എത്ര സ്ത്രീകളും എത്ര പുരുഷൻമാരുമുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ജനസംഖ്യയിൽ എത്ര ശതമാനം മനോരോഗികളും ഉണ്ടെന്നാണ് കണക്ക് ;

(സി) മനോരോഗ ചികിൽസക്കായി എല്ലാ താലൂക്ക് ആശുപത്രികളിലും സൗകര്യം ഏർപ്പെടുത്തുമോ ;

(ഡി) രോഗികളോടുള്ള ജീവനക്കാരുടെ സമീപന രീതിയിൽ മാറ്റം വരുത്താനായി അവർക്ക് പ്രത്യേക പരിശീലന പരിപാടി നടപ്പാക്കുമോ ?

ഉത്തരം

(എ) തിരുവനന്തപുരം മാനസികാരോഗ്യ കേന്ദ്രത്തിൽ 370-ഓളം പുരുഷൻമാരും 180-ഓളം സ്ത്രീകളും ചികിൽസയിൽ കഴിയുന്നു. ഏതാണ്ട് അതേ തോതിലും, അനുപാതത്തിലും രോഗികളും തൃശ്ശൂരും കോഴിക്കോട്ടും ഉണ്ട്.

(ബി) ഒരു ശതമാനം

(സി) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

(ഡി) തിരുവനന്തപുരം മാനസികരോഗാശുപത്രിയിൽ ഇതിനുള്ള പരിശീലനം നൽകിക്കൊണ്ടിരിക്കുകയാണ്. തൃശ്ശൂരും കോഴിക്കോട്ടും പരിശീലനം നൽകാനുള്ള നിർദ്ദേശം കൊടുത്തുകഴിഞ്ഞു. തൃശ്ശൂരിൽ ഈ പരിശീലനം തുടങ്ങിയിട്ടുണ്ട്.

പേ വിഷബാധമൂലം മരിച്ചവർ

1539. [2305] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1985-86 വർഷത്തിലും 1986-87 വർഷത്തിൽ 25-10-1986 വരെയും സംസ്ഥാനത്ത് പേപ്പട്ടിവിഷം മൂലം എത്രപേർ മരിച്ചു ;

(ബി) പേപ്പട്ടി വിഷബാധയ്ക്കുള്ള മരുന്ന് കുത്തിവച്ചതിനുശേഷം മരിച്ചവർ എത്ര ;

(സി) പേപ്പട്ടി വിഷത്തിന് കുത്തിവയ്ക്കാനുള്ള മരുന്നുകൾ ഇല്ലാത്ത എത്ര ആശുപത്രികൾ സംസ്ഥാനത്തുണ്ട് ;

(ഡി) എല്ലാ ആശുപത്രികളിലും ആവശ്യത്തിനുള്ള മരുന്ന് എത്തിക്കാൻ ഗവൺമെന്റ് നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) 1985-86-ൽ 13 പേർ. 1986-87-ൽ 25-10-1986 വരെ 21 പേർ.

(ബി) മൂന്നുപേർ മരിച്ചതായി റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്.

(സി) ആവശ്യാനുസരണം കുത്തിവയ്പിനുള്ള മരുന്ന് സംസ്ഥാനത്തെ എല്ലാ ആശുപത്രികളിലും വിതരണം ചെയ്യുന്നുണ്ട്.

(ഡി) എല്ലാ ആശുപത്രികളിലും പേപ്പട്ടി വിഷത്തിനെതിരായ കുത്തിവയ്പിനുള്ള മരുന്ന് വിതരണം ചെയ്യുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

ചാത്തമംഗലം പഞ്ചായത്തിൽ അലോപ്പതി ആശുപത്രി

1540. [2307] ശ്രീ. കെ. പി. രാമൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

കുന്ദമംഗലം നിയോജകമണ്ഡലത്തിൽ ചാത്തമംഗലം പഞ്ചായത്തിലെ 10-ാം വാർഡിൽ നെച്ചൂളി പ്രദേശത്ത് 1981-ൽ നാട്ടുകാർ ഗവൺമെന്റിന് വിട്ടുകൊടുത്ത ഒരേക്കർ സ്ഥലത്ത് ഒരു അലോപ്പതി ആശുപത്രി ആരംഭിക്കുന്നതിനുള്ള പ്രവർത്തനം എത്രത്തോളമായെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly